"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA) പദ്ധതിക്കായി തുക അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.1806/2024/LSGD തീയതി,തിരുവനന്തപുരം, 28-09-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1216/2024/ത.സ്വ.ഭ.വ. തീയതി 04/07/2024.
2. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 28/08/2024 തീയതിയിലെ K.11011/14/2024-CB നമ്പർ ഓഫീസ് മെമ്മോറാണ്ടം.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/09/2024 തീയതിയിലെ LSGD/PD/33029/2023-RGSA1 നമ്പർ കത്ത്.

**ഉത്തരവ്**

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ 2024-25 വർഷത്തെ വാർഷിക പ്രവർത്തന പദ്ധതി അംഗീകരിച്ച് 72.15 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 60:40 എന്ന അനുപാതത്തിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

2) പരാമർശം (2) പ്രകാരം 2024-25 സാമ്പത്തിക വർഷം R G S A പദ്ധതിയുടെ കേന്ദ്രവിഹിതമായി (General/SCSP) അനുവദിച്ചിട്ടുള്ള 10,00,00,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ (General/SCSP) 6,66,66,667/- രൂപയും ഉൾപ്പെടെ ആകെ 16,66,66,667/- രൂപ (പതിനാറ് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്താറായിരത്തി അറുനൂറ്റി അറുപത്തേഴ് രൂപ മാത്രം) പദ്ധതിയുടെ നടത്തിപ്പിലേക്കായി SBI പട്ടം ബ്രാഞ്ചിൽ (IFSC SBIN0003355) നിലവിലുള്ള 40293540861 നമ്പർ സിംഗിൾ നോഡൽ അക്കൗണ്ടിലേയ്ക്ക് താഴെപ്പറയുംപ്രകാരം അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| ബജറ്റ് ശീർഷകം | | അനുവദിക്കേണ്ട തുക |
|---|---|---|
| Central Share General | 2515-00-101-56-01 | 9,00,00,000 |
| Central Share SCSP | 2515-00-789-97-01 | 1,00,00,000 |
| State Share General | 2515-00-101-56-02 | 6,00,00,000 |
| State Share SCSP | 2515-00-789-97-02 | 66,66,667 |
| Total | | 16,66,66,667 |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ 2024-25 വർഷത്തെ ആദ്യഗഡു കേന്ദ്രവിഹിതമായി (General/SCSP) അനുവദിച്ചിട്ടുള്ള 10,00,00,000/- രൂപയും (പത്ത് കോടി രൂപ മാത്രം) ആനുപാതിക സംസ്ഥാന വിഹിതമായ (General/SCSP) 6,66,66,667/- രൂപയും (ആറ് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്തിയാറായിരത്തി അറുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ഉൾപ്പെടെ ആകെ 16,66,66,667/- രൂപ (പതിനാറ് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്താറായിരത്തി അറുന്നൂറ്റി അറുപത്തേഴ് രൂപ മാത്രം) മേൽ പറഞ്ഞ പ്രകാരം ബന്ധപ്പെട്ട General/SCSP ശീർഷകങ്ങളിൽ നിന്നും പദ്ധതിക്കായി SBI പട്ടം ബ്രാഞ്ചിൽ (IFSC SBIN0003355) നിലവിലുള്ള 40293540861 നമ്പർ സിംഗിൾ നോഡൽ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്. [ DEV-2/7/2024-FIN ( E- 2661195) തീയതി 26-09-2024]
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

Signed by
Vijayakumar D
Date: 28-09-2024 16:28:06